(ഇ) ഉണ്ട്. വ്യവസ്ഥകൾക്ക് വിധേയമായി മുനിസിപ്പൽ സെക്രട്ടറി കൺവീനറായും മുനിസിപ്പൽ ചെയർമാൻ, ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായിട്ടുമുള്ള കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസോടുകൂടി വേണം ഇത്തരം നിർമ്മാണങ്ങൾക്കുള്ള അപേക്ഷകൾ പരിഗണിക്കേണ്ടത് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(എഫ്) പാലക്കാടിനു വേണ്ടിയുള്ള പുതിയ മാസ്റ്റർ പ്ലാനിന്റെ ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ലാൻഡ് യൂസ് സർവ്വേയും, ഡാറ്റാ കളക്ഷനും ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

(ജി) പുതുക്കിയ മാസ്റ്റർ പ്ലാൻ 18 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

കൊച്ചിയിൽ പുഴയോര പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഹൗസ് നമ്പർ

163 (4787) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ കോർപ്പറേഷൻ പുഴയോര പുറമ്പോക്കുകളിൽ പട്ടയമില്ലാതെ താമസിക്കുന്ന എത്ര പേർക്ക് അൺഓതറൈസ്ഡ് ഹൗസ് നമ്പർ നൽകിയിട്ടുണ്ടോ ; ഇത് ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നമ്പർ ഇട്ടുകൊടുത്തിട്ടുള്ളവർക്ക് കോർപ്പറേഷൻ എ.എ നമ്പർ വച്ച് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നുണ്ടോ ; ഇവരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 822 പേർക്ക് അൺഓതറൈസ്ഡ് ഹൗസ് നമ്പർ നൽകിയിട്ടുണ്ട്. ഡിവിഷൻ തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

ഡിവിഷൻ	എണ്ണം
(1)	(2)
11	59
15	39
17	116
18	218
19	18

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
20	1
21	14
22	5
23	6
25	10
26	214
45	20
46	102

(ബി) ജനകീയാസൂത്രണ പദ്ധതി പ്രകാരം 1800 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. പുഴ പുറമ്പോക്ക് പതിച്ചു നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി

164 (4788) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇ. എം. എസ് ഭവനനിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി എത്ര വീടുകളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിപ്രകാരം 233958 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

വടകര മണ്ഡലത്തിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ

165 (4789) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിൽ ഇ. എം. എസ്. ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(ബി) സ്വന്തമായി റേഷൻ കാർഡ് ഇല്ലാത്തതിന്റെ പേരിൽ ഇ.എം എസ്. ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുവാൻ സാധിക്കാതെ വന്നവർ ഈ മണ്ഡലത്തിൽ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly